**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4964** **11-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്ക് കോവിഡ് പ്രതിരോധ നടപടികൾക്കായി കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ അനുവദിച്ചിരുന്ന എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് എത്ര ലക്ഷം രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ ആശുപത്രിയിലേക്ക് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എം.എൽ.എ ഫണ്ട് വിനിയോഗിച്ച് KMSCL വഴി നാളിതുവരെ 15,78,553/- (പതിനഞ്ച് ലക്ഷത്തി എഴുപത്തെട്ടായിരത്തി അഞ്ഞൂറ്റി അമ്പത്തിമൂന്ന് രൂപ) രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | ഇനി നൽകാൻ ബാക്കിയുള്ള മെഡിക്കൽ ഉപകരണങ്ങൾ കൈമാറുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പാക്കിയപ്പോൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ കുറച്ചു നാൾ അടച്ചിട്ടിരുന്നതിനാലും, വിതരണോത്തരവിൽ പരാമർശിച്ചിരുന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ കമ്പനിയിൽ ലഭ്യമല്ലാതിരുന്നതു കാരണവും ഉപകരണങ്ങൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിരുന്നു. |
| (സി) | പ്രസ്തുത മെഡിക്കൽ ഉപകരണങ്ങൾ ഏത് ദിവസത്തിനകം നൽകാമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; ബാക്കിയുള്ള സാധനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ? | (സി) | വിതരണം ചെയ്യാൻ ബാക്കിയുള്ള ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇവ ഏതാണ്ട് മൂന്ന് മാസത്തിനുള്ളിൽ വിതരണം ചെയ്യാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ